പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 931 | 20/03/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ

ചോദ്യം | മറുപടി

ശ്രീ.കെ.അച്ചുതൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. കെ.മുരളീധരൻ
ശ്രീ.എം.പി.വിൻസെന്റ്

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. പ്രാരംഭ ഘട്ടമായി കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കുഞ്ഞോം, വാകേരി, കാരാപ്പുഴ (പരൂർകുന്ന്) എന്നീ അഞ്ചു പട്ടികവർഗ്ഗ കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഓരോ മാതൃകാ കോളനിയിലും പരമാവധി 25 കുടുംബങ്ങളുടെ പുനരധിവാസത്തിനായി വാസയോഗ്യമായ വീട്, കോളനിയിലേയ്ക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടി വെള്ളം, കൃഷിഫാം, കമ്മ്യൂണിറ്റി ഹാൾ, ബയോ ഗ്യാസ് പ്ളാന്റ് തുടങ്ങി എല്ലാ പശ്ചാത്തലങ്ങളോടും കൂടിയ സ്വയം പര്യാപ്തമായ കോളനികൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | മാതൃകാ കോളനികളിൽ വീട് നിർമ്മിക്കുന്നുതിനായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഓരോ മാതൃകാ കോളനിയിലും, 25 വീടുകൾ വീതം വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ മൊത്തം 125 വീടുകൾ നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് 6.65 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഭവന നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ